LIBRARY ARCHIVES Kerala Legislative Assembly

എൽ.റ്റി. വിഭാഗത്തിൽ വൈദ്യുത ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജ്, ജില്ലാ/താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയ്ക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കണക്ഷനും സ്റ്റേ ഉത്തരവ് പ്രകാരം വീണ്ടും വൈദ്യുതി നൽകുന്നു. കൂടാതെ ഈ മാസം റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ ടവറുകൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം നൽകിയിട്ടുണ്ട്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ഭീമമായ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ തുടങ്ങി 59 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. * എൽ.റ്റി. വിഭാഗത്തിൽ ഒരു ലക്ഷംരൂപയിലധികം കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം M ആയി ചേർക്കുന്നു.*

വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ

50 (7886) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനിടെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതികണക്ഷൻ കെ. എസ്. ഇ. ബി. വിച്ഛേദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് കോടിക്കണക്കിന് രൂപയുടെ വൈദ്യുത ബിൽ അടയ്ക്കാൻ ഒരു സ്വകാര്യ കമ്പനിക്ക് സാവകാശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിലയൻസ് ഇൻഫ്രാടെൽ എന്ന സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ബിൽ അടയ്ക്കുന്നതിനാണ് സാവകാശം നൽകിയതെന്നും ആരാണ് ഇതിന് നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ഡി) വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുത ബിൽ യഥാസമയം പിരിച്ചെടുക്കാതെ ഇത്തരത്തിൽ സഹായം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം കടപ്പനക്കുന്ന് സെക്ഷനിലെ Cons. No. 4040, special Tahsildar, തൃശ്ശൂർ ജില്ലയിലെ ദേശമംഗലം വില്ലേജ് ഓഫീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉണഭോക്താക്കൾ പണമടയ്ക്കുന്ന കൂടിവെള്ള പദ്ധതികൾ, കണ്ണൂർ ജില്ലയിലെ പെരുംതട്ട വില്ലേജ് ഓഫീസ്, ഗവൺമെന്റ് പ്രസ്സ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്, ചെറുകുന്ന് സെക്ഷന്റെ കീഴിലുള്ള പോലീസ് സ്റ്റേഷൻ, പള്ളിക്കുന്ന് സെക്ഷന്റെ കീഴിലുള്ള ജയിൽ വകുപ്പിന്റെ ക്വാർട്ടേഴ്സ്, ഇറിഗേഷൻ ഓഫീസ്, പാലക്കാട് ജില്ലയിൽ അഗ്രികൾച്ചർ, ഇറിഗേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, സർവ്വേ വകുപ്പിന്റെ ഓഫീസ്, ബധിരമൂക വിദ്യാലയം, കോഴിക്കോട് ജില്ലയിൽ ഫറോക് സെക്ഷന്റെ കീഴിലുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ് എന്നിവയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ തുകയായ 2,99,92,413 രൂപ അടയ്ക്കാഞ്ഞതിനാൽ (Reliance Infrastructure)-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചെങ്കിലും തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service-ൽ പെടുന്നു എന്നുള്ളതും പരിഗണിച്ച് കൊണ്ടാണ് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകിയത്. കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാന പ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. നിലവിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഇല്ല.

മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക

51 (7887) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്പനികളുടെ മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബില്ലുകളാണ് കുടിശ്ശിക ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;